# GEORGE CARDINAL ALENCHERRY

*Major Archbishop of the Syro-Malabar Church*


**Prot. No. 1137/2014** **3 July 2014**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഇറാഖിൽ ആഭ്യന്തരകലാപം കൊടുംപിരി കൊണ്ടിരിക്കുകയാണ്. ഖുർദികളും ഷിയാ-സുന്നി മുസ്ലീം വിഭാഗങ്ങളും തങ്ങളുടെ ആധിപത്യത്തിനുവേണ്ടി പരസ്പരം മല്ലിട്ടു കൊണ്ടിരിക്കുന്നു. ന്യൂനപക്ഷമായ ക്രൈസ്തവ വിശ്വാസികൾ കലാപങ്ങളുടേയും മതതീവ്രവാദികളുടെ ആക്രമണങ്ങളുടേയും ഇടയിൽപ്പെട്ട് ഭീകരമായ യാതനകൾക്ക് വിധേയരായികൊണ്ടിരിക്കുന്നു. ഇതിനകം പലരും വധിക്കപ്പെട്ടു, ഇറാഖിലെ ക്രൈസ്തവർ എല്ലാവരും തന്നെ അഭയാർത്ഥികളായി അന്യനാടുകളിലേയ്ക്ക് കുടിയേറിക്കഴിഞ്ഞു എന്നാണ് അറിയുന്നത്. ഇന്ത്യക്കാർ ഉൾപ്പെടെയുള്ള വിദേശികൾ ഭയവിഹ്വലരായി പല സങ്കേതങ്ങളിലും കഴിയുന്ന വിവരം മാധ്യമങ്ങളിൽ നിന്ന് നാം മനസ്സിലാക്കുന്നു. തിക്രിത്തിൽ മലയാളി നേഴ്സുമാർ ഭയപ്പെട്ടു കഴിയുന്ന അവസ്ഥയും ഉണ്ട്.

ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖ് ആന്റ് ഗ്രേറ്റർ സിറിയ (ISIS) എന്ന രാഷ്ട്രീയ പ്രസ്ഥാനമാണ് ഇപ്പോൾ കലാപങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അഭയാർത്ഥികളായി ഇറാഖിൽ നിന്നും നാടുവിടുന്ന ക്രൈസ്തവരിൽ ഭൂരിഭാഗവും കൽദായ കത്തോലിക്കാ സഭയിലും അസീറിയൻ ചർച്ച് ഓഫ് ദി ഈസ്റ്റിലും പെട്ടവരാണ്. ഈ രണ്ട് സഭകളുടെയും ഉത്ഭവം പൗരസ്ത്യ സുറിയാനി സഭയിൽ നിന്നാണ്. ഈ സഭയോട് ഇന്ത്യയിലെ മാർതോമാ ക്രിസ്ത്യാനികളുടെ സഭയ്ക്ക് ദീർഘകാല ബന്ധമുണ്ടായിരുന്നു. 16-ാം നൂറ്റാണ്ടിന്റെ അവസാനം വരെ ഈ സഭയിൽ നിന്നുള്ള മെത്രാൻമാരാണ് മാർതോമാ ക്രിസ്ത്യാനികളുടെ സഭയെ പൊതുവിൽ നയിച്ചിരുന്നത്. ഇറാഖിലെ ക്രൈസ്തവ സഹോദരങ്ങളുടെ പീഡനങ്ങൾക്ക് അറുതി ഉണ്ടാകുന്നതിനും ആ രാജ്യത്ത് സമാധാനം സംസ്ഥാപിക്കപ്പെടുന്നതിനും വേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സൗകര്യപ്പെടുന്നതനുസരിച്ച് നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സമർപ്പിത സമൂഹങ്ങളിലും പീഡനങ്ങൾക്ക് വിധേയരാകുന്ന നമ്മുടെ ഈ സഹോദരങ്ങൾക്കു വേണ്ടി ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തണമെന്ന് നിർദ്ദേശിക്കുന്നു. കാരുണ്യവാനായ കർത്താവ് പീഡിതരായ നമ്മുടെ സഹോദരങ്ങൾക്ക് വിശ്വാസം കാത്ത് സൂക്ഷിക്കുവാനും പുതിയ ജീവിത സാഹചര്യങ്ങളിൽ സ്നേഹത്തിന്റെ കൂട്ടായ്മകൾ സൃഷ്ടിക്കുവാനും ശക്തി നല്കുമാറാകട്ടെ !

+ കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി

+ GAlencherry

മേജർ ആർച്ച് ബിഷപ്പ് സീറോ-മലബാർ സഭ


THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA

Mount St. Thomas, P.B. No. 3110, P.O. Kakkanad, Kochi – 682 030, Kerala, India

Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727

E-mail: majorarchbishop@gmail.com; majorarchbishop@hotmail.com